2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ 5,90,000 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ ടി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി സ.ഉ (സാധാ) നമ്പർ 1245/14/പൊ.വി.വ തീയതി 10-3-2014 പ്രകാരം ഒരു വിദഗ്ധ സമിതി രൂപീരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് എക്സ്പർട്ട് കമ്മിറ്റിയുടെ ആദ്യ യോഗം 17-3-2014-ൽ കൂടുകയും അതനുസരിച്ച് എസ്.സി.ഇ.ആർ.ടി. ഡയറക്ടറും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറും ഉൾപ്പെടെ 20 അംഗ കോർകമ്മിറ്റി രൂപീരിച്ചു. കോർ കമ്മിറ്റിയുടെ ടൂൾ പ്രിപ്പറേഷൻ എസ്.സി.ഇ.ആർ.ടി.-യിൽ വച്ച് നടന്ന അദ്ധ്യാപക സംഘടനകളുമായും വകുപ്പ്തല ഉദ്യോഗസ്ഥൻമാരുമായുള്ള ചർച്ചയിലും, അതിന്റെ അടിസ്ഥാനത്തിലുള്ള ആശയ രൂപീകരണത്തിലും നടത്തുകയുണ്ടായി.

കുട്ടികളുടെ പഠന നിലവാരം

26(*416) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ പഠന നിലവാരം കുറയുന്നതായി കേന്ദ്രം നിയോഗിച്ച ജോയിന്റ് റിവ്യൂ മിഷന്റെ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനറിപ്പോർട്ടിലെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പാഠപുസ്തകത്തിലെ ഉള്ളടക്കവും അദ്ധ്യാപന രീതിയും ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണെന്ന് പ്രസ്തുത റിപ്പോർട്ടിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ,

(എ&ബി) ജോയിന്റ് റിവ്യൂ മിഷന്റെ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly